Archdiocese of Trichur
Catholic Archbishop's House,
PB No. 706, East Fort, Thrissur - 680 005, Kerala, India

# കൊറോണ വൈറസ്: മുൻകരുതലുകളും നിർദ്ദേശങ്ങളും

മിശിഹായിൽ പ്രിയമുള്ളവരേ,

ലോകം മുഴുവനും ഭീതി പടർത്തി വ്യാപിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസിനെ (കോവിഡ് 19) ജാഗ്രതയോടെ ചെറുക്കേണ്ടത് നമ്മുടെയെല്ലാവരുടെയും ആവശ്യമാണെന്ന് അറിയാമല്ലോ. ഭീതിയും പരിഭ്രമവും ഒഴിവാക്കി ആവശ്യമായ മുൻകരുതലുകളും ജാഗ്രതയും പാലിക്കുകയാണ് വേണ്ടത്. കേരള സർക്കാരും ആരോഗ്യവകുപ്പും നൽകുന്ന മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും എല്ലാവരും കൃത്യമായി പാലിക്കണം. ഇതിനെ സംബന്ധിച്ച് നമ്മുടെ പള്ളികളിൽ പാലിക്കേണ്ട മുൻകരുതലുകൾ താഴെ ചേർക്കുന്നു.

1. കൊറോണ വൈറസ് ബാധിതർക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും വേണ്ടി പള്ളികളിലും കുടുംബങ്ങളിലും പ്രത്യേക പ്രാർത്ഥന നടത്തുക. കൊറോണ വൈറസ് ബാധയിൽ നിന്നുള്ള സംരക്ഷണത്തിനായി കെ. സി. ബി. സി. നൽകിയ പ്രാർത്ഥന ഇതോടൊപ്പം ചേർത്തിട്ടുണ്ട്. അതു ചൊല്ലേണ്ടതാണ്.
2. കേരള സർക്കാരും ആരോഗ്യവകുപ്പും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക.
3. സി. ബി. സി. ഐ.യും, കെ. സി. ബി. സി.യും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക.
4. താഴെ പറയുന്ന നിർദ്ദേശങ്ങൾ, ഇനി ഒരു അറിയിപ്പു നല്കുന്നതു വരെ പാലിക്കുക.

a. ദൈവാലയ പ്രവേശനകവാടങ്ങളിൽ ഹന്നാൻ വെള്ളം പൊതുവായി വയ്ക്കുന്നത് ഒഴിവാക്കുക.

b. വി. കുർബാന അപ്പത്തിന്റെ സാദൃശ്യത്തിൽ കൈകളിൽ മാത്രം നൽകുക. വി. കുർബാന കൊടുക്കുന്നവർ മുമ്പും ശേഷവും കൈ ശുചീകരിക്കുക.

c. സമാധാനാശംസ കൈകൂപ്പി (നമസ്തേ രൂപത്തിൽ) മാത്രം നൽകുക. സ്പർശനങ്ങൾ ഒഴിവാക്കുക.

d. പൊതുവണക്കത്തിനായി വച്ചിട്ടുള്ള കുരിശ്, രൂപങ്ങൾ, തിരുശേഷിപ്പുകൾ തുടങ്ങിയവ തൊട്ടു ചുംബിക്കുന്നത് ഒഴിവാക്കുക. പകരം കൈ കൂപ്പി വണങ്ങുക. അതുപോലെതന്നെ ഊറാറ ചുംബിക്കുന്നത് ഒഴിവാക്കുക.

e. ജനങ്ങൾ പൊതുവായി കൂടുന്ന സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക.

f. കൂടുതൽ ജനങ്ങൾ ഒന്നിച്ചുചേരുന്ന കൺവെൻഷനുകൾ, തിരുന്നാളുകൾ, ഊട്ടുതിരുന്നാളുകൾ, മറ്റു ആഘോഷങ്ങൾ എന്നിവ കേരള സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ഒഴിവാക്കേണ്ടതാണ്. എന്നാൽ വി. കുർബ്ബാനയും മറ്റു തിരുകർമ്മങ്ങളും നടത്താവുന്നതാണ്.

g. കൊറോണ രോഗബാധ പകരാൻ ഇടയുള്ള ഏതെങ്കിലും സാഹചര്യങ്ങളുമായി സമ്പർക്കം വന്നിട്ടുള്ളവരോ (ഉദാ. വിദേശയാത്ര), രോഗലക്ഷണങ്ങൾ ഉണ്ടോ എന്ന് സംശയിക്കുന്നവരോ ദേവാലയം അടക്കം ഉള്ള പൊതു ഇടങ്ങളിലെ പരിപാടികൾ നിന്നും മാറി നില്ക്കേണ്ടതും വൈദ്യപരിശോധനക്ക് വിധേയരാക്കേണ്ടതുമാണ്.

രോഗം ബാധിച്ചവരെയും ചികിത്സയിലായിരിക്കുന്നവരെയും ശുശ്രൂഷിക്കുന്നവരെയും നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം. പരി. കന്യകാമറിയത്തിന്റെയും വി. സെബസ്ത്യാനോസിന്റെയും പ്രത്യേക മാധ്യസ്ഥം അപേക്ഷിക്കണമെന്ന് വിശ്വാസികളോട് സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

+ Andrews Thazhath

CURIA ARCHEPARCHY OF TRICHUR

10.03.2020

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത